**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 712** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>കാട്ടാനകൾക്ക് തീറ്റയും കുടിവെള്ളവും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. യു. ആർ. പ്രദീപ് ശ്രീ. ഷിബു ബേബി ജോൺ

(വനം, വന്യജീവി - നൈപുണ്യ വികസന

വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് എത്ര കാട്ടാനകൾ ഉണ്ടെന്നാണ് വനം വകുപ്പ് കണ്ടെത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** 2024 ൽ നടത്തിയ കാട്ടാനകളുടെ കണക്കെടുപ്പിൽ (ബ്ലോക്ക് കൗണ്ട് മെത്തേഡ്) സംസ്ഥാനത്ത് 1793 കാട്ടാനകൾ ഉള്ളതായി കണക്കാക്കിയിരിക്കുന്നു.

**(ബി)** കഴിഞ്ഞ കുറച്ച് കാലങ്ങളായി തീറ്റയ്ക്കും കുടിവെള്ളത്തിനുമായി കാട്ടാനകൾ ജനവാസ മേഖലയിലേയ്ക്കിറങ്ങി കർഷകരുടെ കൃഷിയും മറ്റും നശിപ്പിക്കുന്നത് കൂടിവരുന്നത് കണക്കിലെടുത്ത് വനത്തിനുള്ളിൽ തന്നെ ആനകൾക്ക് തീറ്റയും വെള്ളവും ലഭ്യമാക്കുന്നതിനും തീറ്റയ്ക്കാവശ്യമായ വനവിഭവങ്ങൾ നട്ടു പിടിപ്പിക്കുന്നതിനും കുടിവെള്ള ലഭ്യത ഉറപ്പു വരുത്തുന്നതിനും നടപടി സ്വീകരിക്കുവാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ?

**<u>മറുപടി:</u>** ഇക്കാര്യത്തിൽ ശാസ്ത്രീയമായ ഒരു പഠനം നടത്തി പരിഹാരം കാണുന്നതാണ്. മനുഷ്യ-വന്യജീവി സംഘർഷം തടയുന്നതിനും വന സംരക്ഷണം, ജൈവവൈവിധ്യ സംരക്ഷണം, ജനപങ്കാളിത്തം, ആധുനിക സാങ്കേതികവിദ്യയിൽ അധിഷ്ഠിത ഭരണം എന്നിവ ഏകോപിപ്പിക്കുന്നതിനുമായി വനം വകുപ്പ് "Vision 2031 -People First, Science Based, Human-Wildlife Co-existence model" എന്ന ദീർഘകാല പ്രവർത്തനരേഖയും തയ്യാറാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**